LIBRARY ARCHIVES Kerala Legislative Assembly

മിശ്രമത-മിശ്രജാതി വിവാഹിതർക്കുള്ള ആനുകൂല്യങ്ങൾ

124 [3711] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രമത-മിശ്രജാതി വിവാഹിതർക്ക് സർക്കാർ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടോ;

(ബി) ഏതെല്ലാം ജാതി-മത വിഭാഗങ്ങളിലെ ആളുകൾ പരസ്പരം വിവാഹം ചെയ്താലാണ് ആനുകൂല്യങ്ങൾ ലഭ്യമാക്കുകയെന്ന് വിശദമാക്കാമോ;

(സി) ഇവർക്ക് എന്തെല്ലാം സാമ്പത്തിക ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാന സർക്കാർ സർവ്വീസിലുള്ള മിശ്രവിവാഹിതർക്ക് പ്രത്യേകം ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ;

(ഇ) മിശ്രവിവാഹിതരുടെ കുട്ടികൾക്ക് പഠനത്തിനായി എന്തെങ്കിലും പ്രത്യേക സഹായങ്ങൾ ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മിശ്രവിവാഹിതരിൽ ഒരാൾ പട്ടികജാതി വിഭാഗത്തിലോ പട്ടികവർഗ്ഗ വിഭാഗത്തിലോ ഉൾപ്പെട്ടതാണെങ്കിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്നും ആനുകൂല്യം ലഭ്യമാകുന്നതാണ്.

(സി) മിശ്ര വിവാഹിതരിൽ ഒരാൾ പട്ടികജാതി വിഭാഗത്തിലോ പട്ടികവർഗ്ഗ വിഭാഗത്തിലോ ഉൾപ്പെടുന്നവരും വാർഷിക വരുമാനം 12,000 രൂപയിൽ കവിയാത്തവരും ആണെങ്കിൽ വകുപ്പിൽ നിന്നും 10,000 രൂപ അനുവദിച്ചു നൽകുന്നുണ്ട്.

(ഡി) സ്ഥലംമാറ്റം സംബന്ധിച്ച കാര്യത്തിൽ പ്രത്യേക പരിഗണന നൽകുന്നുണ്ട്.

(ഇ) മിശ്രവിവാഹിതരിൽ ഒരാൾ പട്ടികജാതിവിഭാഗത്തിൽപ്പെടുന്നതും ഇവരുടെ കുട്ടികൾ പട്ടികജാതി സ്വീകരിക്കുകയും ചെയ്താൽ ടി ജാതിയ്ക്ക് ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും ഇവരുടെ കുട്ടികൾക്ക് അനുവദിച്ചു നൽകുന്നുണ്ട്.

മിശ്രവിവാഹിതരിൽ ഒരാൾ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടുന്നതും ഇവരുടെ കുട്ടികൾ ടി ജാതി സ്വീകരിക്കുകയും ചെയ്താൽ പട്ടികവർഗ്ഗവിഭാഗത്തിന് ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും ഇവരുടെ കുട്ടികൾക്ക് അനുവദിച്ചു നൽകുന്നുണ്ട്.